(ബി) ശമ്പളമോ അലവൻസോ കൊടുക്കേണ്ട ആവശ്യമില്ല. സുപ്രീംകോടതി റൂളുകളിലെ ഷെഡ്യൂൾപ്രകാരമുള്ള ഫീസുമാത്രമാണ് കൊടുക്കുന്നത്.

(സി) ശ്രീ. എം. ആർ. കൃഷ്ണപിള്ള.

സെയിൽടാക്സ് അപ്പലേറ്റ് ട്രൈബ്യൂണൽ.

* 50. [23] ശ്രീ. ടി. കെ. ബാവാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്തു സെയിൽടാക്സ് അപ്പലേറ്റ് ട്രൈബ്യൂണൽ സ്ഥാപിതമായിട്ടുണ്ടോ;

(ബി) ഈ ട്രൈബ്യൂണലിന്റെ പ്രവർത്തനം എന്നു മുതലാണ് ആരംഭിച്ചത്;

(സി) ഇതിന്റെ ആഫീസ് എവിടെയാണ് സ്ഥാപിച്ചിരിക്കുന്നത്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ) സ്ഥാപിതമായിക്കഴിഞ്ഞിട്ടില്ല.

(ബി-സി) എ-യുടെ ഉത്തരത്തെ പരിഗണിച്ച് ഇവ ഉദിക്കുന്നില്ല.

Post Boxes within the Premises of District Hospitals.

* 51. [30] SHRI A. A. D. LUIZ: Will the Minister for Health be pleased to state whether Government would be pleased to request the Government of India to place post boxes within the premises of all District Hospitals of this State?

Minister for Works (SHRI K. I. VELAYUDHAN): The matter will be considered by Government.

ട്രാവൻകൂർ ക്രെഡിറ്റ് ബാങ്ക്.

* 52. [35] ശ്രീ. എം. എ. ആൻറണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ക്രെഡിറ്റ് ബാങ്ക് ഒരു കോ-ഓപ്പറേറ്റീവ് ബാങ്ക് ആയി പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ:

(ബി) കൊച്ചു ട്രഷറിബാങ്കും ട്രാവൻകൂർ ക്രെഡിറ്റ്ബാങ്കും സംയോജിപ്പിച്ച് സ്റ്റേറ്റിൽ ഒരു കോഓപ്പറേറ്റീവ് ബാങ്കുമാത്രമായി പുനഃസംഘടിപ്പിക്കുവാനാണോ നിശ്ചയിച്ചിരിക്കുന്നത്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ) ആലോചനയിൽ ഇരിക്കുന്നു.

(ബി) ഈ കാര്യവും പരിഗണനയിൽ ഇരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly